## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊഴുതന ഗ്രാമപഞ്ചായത്ത് അംഗം ശ്രീ.പി.ഡി.ദാസന് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചികിത്സാധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

### തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 1204/2017/തസ്വഭവ                തിരുവനന്തപുരം, തീയതി, 18.04 .2017.

==================================================================

പരാമർശം:- (1) പൊഴുതന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.08.2016-ലെ ബി4-3438/16 നമ്പർ കത്ത്.

### ഉത്തരവ്

പൊഴുതന ഗ്രാമപഞ്ചായത്ത് അംഗമായ ശ്രീ.പി.ഡി.ദാസന് 09/04/2016 മുതൽ 29/04/2016 വരെയുള്ള കാലയളവിൽ മൂത്രാശയ സംബന്ധമായ രോഗത്തെ തുടർന്ന് ചികിൽസക്കായി ചെലവായ 50,053/- രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് പൊഴുതന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊഴുതന ഗ്രാമപഞ്ചായത്ത് അംഗം ശ്രീ.പി.ഡി.ദാസന് ചികിത്സാധനസഹായമായി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സിനി.ജെ.ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, പൊഴുതന ഗ്രാമ പഞ്ചായത്ത്, വയനാട്
ശ്രീ.പി.ഡി.ദാസൻ, മെമ്പർ, പൊഴുതന ഗ്രാമ പഞ്ചായത്ത്, വയനാട്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ,ആഡിറ്റ്),തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ